# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2020 ഫെബ്രുവരി 07, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു. തുടർന്ന് 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും 2020-2021 മുതൽ 2022-2023 വരെയുള്ള Medium Term Fiscal Policy (Strategy) Statement-ഉം മേശപ്പുറത്തുവച്ചു. കൂടാതെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ 2018-2019 സാമ്പത്തികവർഷത്തെ ആനുവൽ റിപ്പോർട്ടും ആനുവൽ അക്കൗണ്ട്സും ഫിഡലിറ്റി സർട്ടിഫിക്കറ്റും

മേശപ്പുറത്തുവച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.37-ന് പൂർത്തിയാക്കി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സാധാരണഗതിയിൽ ലോക്സഭയിലാണെങ്കിലും സംസ്ഥാന നിയമസഭകളിലാണെങ്കിലും ബജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ മറ്റൊരു നടപടിക്രമവും ഉണ്ടാകാറില്ല; അതാണ് കീഴ്വഴക്കം. പുതിയ കീഴ്വഴക്കങ്ങളുണ്ടാക്കി ചട്ടങ്ങളും നടപടിക്രമങ്ങളും തെറ്റിക്കരുത്.

മി. സ്പീക്കർ: 11-02-2020-ന് സഭ പരിഗണിക്കേണ്ട ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ ഇന്നുതന്നെ സഭയിൽ വരണമെന്നുള്ളതുകൊണ്ട് ബി.എ.സി.-യിൽ സംയുക്തമായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇതുൾപ്പെടുത്തിയത്. സാഹചര്യങ്ങളുടെ അത്യാവശ്യകതകൊണ്ട് സംഭവിച്ചതാണ്. നടപടിക്രമങ്ങൾ ലംഘിച്ചതല്ല.

## II റിപ്പോർട്ടുകളുടെ സമർപ്പണം

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(iii) 2020- ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു..

മി. സ്പീക്കർ: ബഡ്ജറ്റ് പ്രസംഗവും അനുബന്ധ ഡോക്യുമെന്റ്സും അംഗങ്ങളുടെ മുന്നിലുള്ള ഡിവൈസിൽ ബഡ്ജറ്റ് എന്ന മെനുവിലും ഐപാഡിൽ നിയമസഭ മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്തിട്ടുള്ളവർക്കും ലഭിക്കുന്നതാണ്. ബഡ്ജറ്റ് സ്ക്രൂട്ടിണിക്കായുള്ള സബ്ജക്ട് കമ്മിറ്റി യോഗങ്ങളുടെ സമയവിവരപ്പട്ടികയും ഡിവൈസിലും ആപ്പിലും ലഭ്യമാണ്. ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് അംഗങ്ങൾക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിലെത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്ന് ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

(സഭ രാവിലെ 11.40-ന് പിരിഞ്ഞു.)